പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2145 | 16/08/2017 ൽ മറുപടിക്ക്

## ഇലക്ട്രോണിക്സ് സർവ്വീസ് ഏജൻസികളുടെ അമിത ഫീസ്

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

(എ) വിവിധ കമ്പനികളുടെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങുന്ന ഉപഭോക്താക്കളെ കമ്പനികൾ പലതരത്തിൽ വഞ്ചിക്കുകയും ചതിക്കുകയും ചെയ്യുന്ന കാര്യം പരിശോധിക്കുമോ;

(ബി) ടെലിവിഷൻ, ഫ്രിഡ്ജ്, എ.സി., വാഷിംഗ് മെഷീൻ തുടങ്ങിയ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾ സൗജന്യസർവ്വീസും മെയിന്റനൻസും ആവശ്യമുള്ളപ്പോൾ ബന്ധപ്പെട്ട അംഗീകൃത സർവ്വീസ് ഏജൻസികളെ വിളിച്ചാൽ അവർ അമിതമായി ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുമോ;

(സി) സർവ്വീസ് സെന്ററുകളെ രജിസ്റ്റർ ചെയ്യുവാൻ നിലവിൽ ആർക്കാണ് അധികാരമെന്ന് വ്യക്തമാക്കാമോ; ഇവയെ വ്യവസായവകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; ഓരോ ജില്ലയിലും ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക്സ് സെന്ററുകളുടെ വിവരം ശേഖരിച്ച് സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) & (ബി) ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ് 2011-ൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് ജില്ലാ സംസ്ഥാന ഉപഭോക്തൃ കോടതികളെ സമീപിക്കാവുന്നതുമാണ്.

(സി) വ്യവസായവകുപ്പ് നിലവിൽ രജിസ്ട്രേഷനുകളൊന്നും നൽകുന്നില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് എടുക്കാവുന്നതാണ്. വ്യവസായ ജാലകം പദ്ധതി പ്രകാരം കേരളത്തിലെ വ്യവസായ സേവന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനോടൊപ്പം ഇലക്ട്രോണിക്സ് സെന്ററുകളുടെ വിവരങ്ങളും ശേഖരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ